**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - എം. ജി. സർവ്വകലാശാലയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. പാർവതി. എസ്സിന് പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.2048/2018/ഉ.വി.വ.** **തീയതി, തിരുവനന്തപുരം,13.11.2018**

പരാമർശം: 1. 16.01.2018 ലെ ശ്രീമതി. പാർവതി. എസ്സിന്റെ അപേക്ഷ.

2. എം . ജി . സർവകലാശാല അസിസ്റ്റന്റ് രജിസ്ട്രാറുടെ 24.01.2018 ലെ എഡി.എ 1-4-36/2018 നമ്പർ കത്ത്.

3.പ്രവേശനപരീക്ഷാ കമ്മീഷണറുടെ 26.07.2018 & 06.10.2018 തീയതികളിലെ ബി2/120/2018/പ്ര.പ.ക നമ്പർ കത്തുകൾ.

**ഉത്തരവ്**

എം. ജി സർവ്വകലാശാലയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. പാർവതി. എസ് പരാമർശം (1) പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പ്രവേശനപരീക്ഷാ കമ്മീഷണറോട് അഭ്യർത്ഥിച്ചിരുന്നു. പരാമർശം (3) പ്രകാരം ശ്രീമതി. പാർവതി. എസ്സിന് പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പ്രവേശനപരീക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി. ടിയാളുടെ സേവനം വിട്ടു നൽകുന്നതിന് തടസമില്ലെന്ന് എം. ജി. സർവകലാശാല അസിസ്റ്റന്റ് രജിസ്ട്രാർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ എം. ജി സർവ്വകലാശാലയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. പാർവതി. എസ്സിന് നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം അസിസ്റ്റന്റ് തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ജയിംസ് രാജ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, എം . ജി . സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686560.
ശ്രീമതി. പാർവതി. എസ്, അസിസ്റ്റന്റ്, എം. ജി. സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം 686560.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വിവര - പൊതുജനസമ്പർക്ക വകുപ്പ്.
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ